## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1152 — 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ അധീനതയിലുണ്ടായിരുന്ന വസ്തുവകകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.കെ. അബ്ദു റബ്ബ് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | കെ.ടി.ഡി.എഫ്.സി.യുമായുള്ള പണമിടപാടുകളുമായി ബന്ധപ്പെട്ട്, കെ.എസ്.ആർ.ടി.സി യുടെ അധീനതയിലുണ്ടായിരുന്ന ഏതൊക്കെ വസ്തുവകകൾ പണയപ്പെടുത്തിയിട്ടുണ്ടെന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ; | (എ) | നിലവിൽ കെ.റ്റി.ഡി.എഫ്.സി.യിൽ കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഒരു വസ്തുവും പണയത്തിലില്ല. കെ.റ്റി.ഡി.എഫ്.സി.യുടെ വായ്പയിൽ 1300 കോടി രൂപ കൺസോർഷ്യം ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് 31.12.2015-ൽ അടച്ച് തീർത്തിട്ടുണ്ട്. ആയതിനാൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പയ്ക്ക് ഗ്യാരന്റിയായി പറഞ്ഞിരുന്ന വസ്തുവകകൾ കൺസോർഷ്യം ബാങ്കുകൾക്ക് പണയപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെള്ളനാട് ഡിപ്പോ തിരുവനന്തപുരം എസ്.ബി.റ്റി കോർപ്പറേറ്റ് ബ്രാഞ്ചിലും എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പ് പാലക്കാട് ജില്ലാ സഹകരണ ബാങ്കിലും പണയപ്പെടുത്തുകയും തെക്കേതെരുവ് മൈതാനം അറ്റാച്ചുമെന്റിലാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ വസ്തുവകകൾ കെ.എസ്.ആർ.ടി.സി. നിലവിൽ വന്ന ശേഷം സമ്പാദിച്ചവയാണോ എന്നും, അല്ലെങ്കിൽ അവ ആരിൽ നിന്ന്, ഏത് വിധത്തിൽ, എന്ന്, കെ.എസ്.ആർ.ടി.സി. യുടെ കൈവശം വന്നു ചേർന്നു എന്നും വിശദമാക്കുമോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ളതും, ടി സ്ഥലങ്ങൾ ഏതുവിധം ലഭ്യമായിയെന്നും, ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വസ്തുവകകൾ പണയപ്പെടുത്താൻ സർക്കാരിൽ നിന്നും അനുമതി വാങ്ങിയിരുന്നോ; എങ്കിൽ അനുമതി പത്രത്തിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ? | (സി) | അനുമതി വാങ്ങിയിട്ടുണ്ട്. അനുമതി പത്രത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്